# നബിചര്യ
# ഖുർആന്റെ ആധികാരികവ്യാഖ്യാനം

ഫാറൂഖി

സമ്പൂർണമായ ഇസ്‌ലാമികജീവിതത്തിന് ഖുർആൻ കഴിഞ്ഞാൽ ആധാരമായി സ്വീകരിക്കേണ്ടത് തിരുസുന്നത്തി(നബിചര്യ)നെയെയാണ്. വിശുദ്ധഖുർആന്റെ ആധികാരികവ്യാഖ്യാനമാണത്. സുന്നത്ത് അഥവാ ഹദീസ് പ്രവാചകകർമങ്ങളുടെയും വചനങ്ങളുടെയും നിർദേശങ്ങളുടെയും വിലക്കുകളുടെയും സാകല്യമത്രെ. സുന്നത്തിനെ അവഗണിച്ചാൽ ഖുർആനിലെ വല്ല ഭാഗങ്ങളും മനസ്സിലാക്കുക ദുഷ്കരമായിരിക്കും. ഖുർആനിൽ അമൂർത്തമായി പ്രതിപാദിച്ചവയെ സുന്നത്ത് സ്പഷ്ടമായി വ്യാഖ്യാനിക്കുന്നു. സംക്ഷിപ്തമായി പ്രതിപാദിച്ചവയെ വിപുലമായി വിശദീകരിക്കുന്നു.

പ്രവാചകന്റെ വചനങ്ങൾ മാത്രമല്ല അദ്ദേഹത്തിന്റെ അനുചരന്മാർ (സ്വഹാബിമാർ) ഹൃദിസ്ഥമാക്കിയത്. അദ്ദേഹത്തിന്റെ ഓരോ കർമമാതൃകയും അവർക്ക് അതേപടി നിവേദനം ചെയ്യാൻ കഴിയുകയുണ്ടായി. തുടക്കത്തിൽ ഖുർആനും ഹദീസും തമ്മിൽ കൂടിക്കുഴയുമോ എന്ന ആശങ്ക മൂലം ഹദീസ് എഴുതിവയ്ക്കുന്നത് പ്രവാചകൻ വിലക്കിയിരുന്നു. എന്നാൽ ഖുർആൻ തെറ്റില്ലാതെ ഹൃദിസ്ഥമാക്കിയവർ നിരവധി പേരുണ്ടായതോടെ ആ വിലക്ക് പിൻവലിക്കുകയും ചെയ്തു.

ആശയങ്ങൾക്ക് അംഗീകരിക്കത്തക്ക മതിപ്പുണ്ടാകുന്നത് അവ പ്രയോഗതലത്തിൽ പകർത്തിക്കാട്ടുമ്പോഴാണെന്ന വസ്തുതയ്ക്ക് ആധുനിക വിദ്യാഭ്യാസവിചക്ഷണർ ഊന്നൽ നൽകുന്നുണ്ട്. ഇത്തരമൊരു പ്രയോഗസാക്ഷ്യമാണ് പ്രവാചകചര്യയിലൂടെ സംഭവിച്ചത്.

നബിചര്യയുടെ പ്രസക്തിയും മൂല്യവും മുസ്‌ലിംകൾ സാർവത്രികമായി അംഗീകരിച്ചിട്ടുണ്ട്. സാമൂഹികവും സാമ്പത്തികവും ധാർമികവും രാഷ്ട്രീയവും ആരാധനാപരവുമായ രംഗങ്ങളിലഖിലവും വിശ്വാസം പൂർത്തീകരിക്കേണ്ടതിന് സുന്നത്ത് പിൻപറ്റേണ്ടത് അനിവാര്യമത്രെ. പ്രവാചകനെ അനുസരിക്കുന്നത് ദൈവത്തിനുള്ള അനുസരണം തന്നെയാണെന്ന് ഖുർആൻ ഉണർത്തി. നബിയുടെ വാക്കുകളുടെ പ്രാമാണികത ഖുർആൻ ഇങ്ങനെ പരാമർശിക്കുന്നു: “പ്രവാചകൻ നൽകുന്നതെന്തോ അത് സ്വീകരിപ്പിൻ. അദ്ദേഹം എന്തു വിലക്കുന്നുവോ അതിൽനിന്ന് പിന്മാറുവിൻ. അല്ലാഹുവെ സൂക്ഷിച്ച് ജീവിക്കുവിൻ” (59:7). തർക്കപരിഹാരങ്ങൾക്ക് പ്രവാചകനെ സമീപിക്കാനും അദ്ദേഹത്തിന്റെ തീർപ്പ് മാനിക്കാനും ഖുർആൻ വിശ്വാസികളെ ഉദ്ബോധിപ്പിച്ചു. നബിയുടെ അനുചരർ ഈ കൽപനകൾ അനുസരിച്ച് പ്രവാചകന്റെ ഓരോ നിർദേശവും ആവശ്യപ്പെട്ട രീതിയിൽ സ്വയം സന്നദ്ധരായി നിറവേറ്റി.

പ്രവാചകന്റെ ജീവിതകാലത്ത് സുന്നത്തിന്റെ സിംഹഭാഗവും സഹചരർ നേരിൽ ദർശിച്ചു. ഏതെങ്കിലും സന്ദർഭത്തിൽ അദ്ദേഹത്തിന്റെ സന്നിധിയിൽ ഹാജരാവാൻ കഴിയാതെപോയവർ അപ്പോഴത്തെ കാര്യങ്ങൾ പരസ്പരമാരാഞ്ഞും പ്രവാചകനോട് നേരിൽ ചോദിച്ചും മനസ്സിലാക്കി. പ്രവാചകൻ മഹാനായ ചരിത്രപുരുഷനായതിനാൽ വലുതും ചെറുതുമായ വാക്കുകളും പ്രവൃത്തികളുമൊന്നും സഹചരാൽ ശ്രദ്ധിക്കപ്പെടാതെ പോയില്ല. അബൂബക്ർ, ഉമർ, ഉസ്മാൻ, അലി തുടങ്ങിയ ശിഷ്യന്മാർ സദാ നബിയുമായി സഹവസിക്കുകയും ഓരോ നിമിഷവും അദ്ദേഹം ചെയ്തിരുന്ന പ്രവൃത്തികളും അരുളിയ വചനങ്ങളും ഹൃദിസ്ഥമാക്കുകയും ജീവിതത്തിൽ പകർത്തുകയും ചെയ്തിരുന്നു. പ്രവാചകന്റെ വിയോഗാനന്തരം അവർ പരസ്പരം അന്വേഷിച്ച് സംശയനിവാരണം നടത്തി. തിരുചര്യ ഈ വിധം നേരിൽ ശ്രവിക്കപ്പെട്ട്, അനേകർ ദൃക്സാക്ഷികളായി നിവേദനം ചെയ്യപ്പെട്ടും രേഖപ്പെടുത്തപ്പെട്ടും തലമുറകളിലേക്ക് സംക്രമിച്ചു. ഹിജ്റ മൂന്നാം നൂറ്റാണ്ടിൽ ആറു പ്രാമാണിക ഗ്രന്ഥങ്ങളിലായി ഹദീസ് ക്രോഡീകരിക്കപ്പെട്ടു. ഇവ *സ്വിഹാഹുസ്സിത്തഃ* എന്ന പേരിലറിയപ്പെടുന്നു. ബുഖാരി (ഹി. 194-256), മുസ്‌ലിം (ഹി. 204-261), ഇബ്നുമാജ (209-273), അബൂദാവൂദ് (202-275), തിർമിദി (209-279), നസാഇൗ (214-303) എന്നിവരാണ് ഈ സമാഹാരങ്ങൾ ക്രോഡീകരിച്ചത്. ഇവരിൽ ബുഖാരിയും മുസ്‌ലിമും ഏറ്റവും പ്രാമാണികരായി ഗണിക്കപ്പെടുന്നു.

ഇസ്‌ലാമികസന്ദേശത്തിലൂടെ ജനങ്ങളിൽ മൗലികപരിവർത്തനമാണ് പ്രവാചകൻ കാഴ്ചവച്ചത്. ജീവിച്ചിരുന്ന കാലത്ത് അദ്ദേഹം ജനങ്ങൾക്ക് പരമോദാത്തമാതൃകയായി, പ്രകാശഗോപുരമായി വിരാജിച്ചു. അല്ലാഹുവിനും പ്രവാചകനും കീഴ്പ്പെട്ടവർ (മുസ്‌ലിംകൾ) ആയിരുന്നു അവർ. ഇസ്‌ലാമികലക്ഷ്യത്തിനുവേണ്ടി ജീവിതം സമർപ്പിച്ചവരായിരുന്നു പ്രവാചകന്റെ അനുചരർ. പ്രവാചകന്റെ വീക്ഷണത്തെ ഖുർആൻ സ്ഥിരീകരിച്ചു. അന്തിമമായ വഹ്‌യ് (ദിവ്യവെളിപാട്) ഇങ്ങനെയായിരുന്നു:

“ഇന്ന് ഞാൻ നിങ്ങൾക്ക് നിങ്ങളുടെ മതം പൂർത്തീകരിച്ചുതന്നിരിക്കുന്നു. എന്റെ അനുഗ്രഹം നിങ്ങൾക്ക് നിറവേറ്റിത്തരികയും മതമായി ഇസ്‌ലാമിനെ തൃപ്തിപ്പെട്ടുതരികയും ചെയ്തിരിക്കുന്നു” (അൽ മാഇദ: 3). ഖുർആൻ ഉയർത്തിക്കാട്ടിയ മൂല്യങ്ങളെ ജീവിതത്തിൽ സാക്ഷാത്കരിച്ച് പ്രാവർത്തികമാക്കി പ്രവാചകൻ അനുയായികളുടെ ഹൃദയം കവർന്നു. അല്ലാത്തപക്ഷം അവ കേവലം സൈദ്ധാന്തികരൂപത്തിൽ മാത്രമേ നിലനിൽക്കുമായിരുന്നുള്ളൂ. ആശയങ്ങൾക്ക് അംഗീകരിക്കത്തക്ക മതിപ്പുണ്ടാകുന്നത് അവ പ്രയോഗതലത്തിൽ പകർത്തിക്കാട്ടുമ്പോഴാണെന്ന വസ്തുതയ്ക്ക് ആധുനിക വിദ്യാഭ്യാസവിചക്ഷണർ ഊന്നൽ നൽകുന്നുണ്ട്. ഇത്തരമൊരു പ്രയോഗസാക്ഷ്യമാണ് പ്രവാചകചര്യയിലൂടെ സംഭവിച്ചത്. ■